പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4131

16-03-2017 ൽ മറുപടിയ്ക്ക്

## മഴ,ജലം എന്നിവയുടെ ലഭ്യത

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കേരളത്തിലെ നിയോജക മണ്ഡലങ്ങളിൽ മഴ ഏറ്റവും കുറവ് ലഭിക്കുന്നതും ഏറ്റവും ജലക്ഷാമം അനുഭവപ്പെടുന്നതുമായ നിയോജക മണ്ഡലം ഏതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിൽ മഴമാപിനികൾ സ്ഥാപിച്ചിട്ടില്ല. സ്ഥാപിച്ച മഴമാപിനികളുടെയും മറ്റ് മാർഗ്ഗേണ ലഭ്യമാകുന്ന മഴമാപിനികളുടെയും കണക്കുകളുടെ അടിസ്ഥാനത്തിൽ 2016 വർഷത്തിൽ ദേവികുളം നിയോജകമണ്ഡലത്തിലാണ് ഏറ്റവും കുറവ് മഴ ലഭ്യമായിട്ടുള്ളത്. പാലക്കാട് ജില്ലയിലെ വടകരപ്പതി, എരുത്തേനംപതി, കൊഴിഞ്ഞാമ്പാറ പ്രദേശങ്ങൾ ഉൾപ്പെടുന്ന ചിറ്റൂർ നിയോജകമണ്ഡലം പൊതുവെ മഴ കുറവുള്ള പ്രദേശമാണ്. ഭാരതപ്പുഴയിൽ ഒഴുക്ക് നിലച്ചതിനാൽ ഷൊർണ്ണൂർ, എടപ്പാൾ, തിരൂർ എന്നീ പ്രദേശങ്ങളിലും വാമനപുരം നദിയിൽ ഒഴുക്ക് നന്നേ കുറഞ്ഞതിനാൽ ആറ്റിങ്ങൽ, വർക്കല പ്രദേശങ്ങളിലും കടുത്ത ജലക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ നിയോജക മണ്ഡലത്തിന് കുടിവെള്ളം, ജലസേചനം, ഭൂഗർഭജലം, എന്നീ വകുപ്പുകളിൽപ്പെട്ട പദ്ധതികൾക്കായി 2017-18 സാമ്പത്തികവർഷം എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ; | (ബി) | 2017-18 സാമ്പത്തിക വർഷത്തിൽ കുടിവെള്ളം, ജലസേചനം, ഭൂഗർഭജലം എന്നീ വകുപ്പുകൾക്കായി മാറ്റി വച്ചിട്ടുള്ള തുക സംബന്ധിച്ച് നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമല്ല. എന്നാൽ, ഓരോ മണ്ഡലത്തിലും ഏറ്റെടുക്കുന്ന പ്രവൃത്തികൾക്കനുസരിച്ച് ലഭ്യമായ തുക വിനിയോഗിക്കുകയാണ് ചെയ്യുന്നത്.<br>വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേരള ജല അതോറിറ്റിയ്ക്ക് 2016-17 ൽ 40 കോടി രൂപ പ്ലാൻ ഫണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ തുക വിവിധ ജില്ലകളിലായി മുൻഗണനാടിസ്ഥാനത്തിലുള്ള പ്രവൃത്തികൾ ചെയ്യാൻ വിനിയോഗിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കേരളത്തിൽ ഏറ്റവും കൂടുതൽ ജലലഭ്യതയുള്ളതും ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നതും ഏറ്റവും കൂടുതൽ നെൽക്കൃഷി ഉള്ളതുമായ നിയോജക മണ്ഡലം ഏതെന്ന് വ്യക്തമാക്കാമോ; | (സി) | ജലവിഭവ വകുപ്പിൻ കീഴിലെ ഐ.ഡി.ആർ.ബി.യുടെ നിയന്ത്രണത്തിൽ സ്ഥാപിച്ച മഴമാപിനികളുടെയും മറ്റ് മാർഗ്ഗേണ ലഭ്യമാകുന്ന മഴ മാപിനികളുടെയും കണക്കുകളുടെ അടിസ്ഥാനത്തിൽ 2016 വർഷത്തിൽ പിറവം നിയോജക മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ മഴ ലഭ്യമായിട്ടുള്ളത്.<br>2013 ലെ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാന പ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത ബ്ലോക്കായും, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ വിഭാഗത്തിലും കണ്ണൂർ ജില്ലയിലെ കണ്ണൂർ കട്ടപ്പന ബ്ലോക്ക്, പാനൂർ ബ്ലോക്ക്, തലശ്ശേരി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക്, നെടുങ്കണ്ടം ബ്ലോക്ക്, കാസറഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക്, കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം ബ്ലോക്കുകൾ മലപ്പുറം ജില്ലയിലെ താനൂർ, തിരൂരങ്ങാടി, വേങ്ങര ബ്ലോക്കുകൾ, പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക്, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല ബ്ലോക്കുകൾ, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം ബ്ലോക്കുകൾ തുടങ്ങിയവ സെമിക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കിയുള്ള 131 ബ്ലോക്കുകൾ സുരക്ഷിത വിഭാഗത്തിലും പെടുന്നു.<br>കേരളത്തിൽ ഏറ്റവും കൂടുതൽ നെൽകൃഷി ഉള്ളത് പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലാണ് എന്നാണ് കൃഷി വകുപ്പ് അറിയിച്ചിട്ടുള്ളത്. |
| (ഡി) | ഈ നിയോജക മണ്ഡലത്തിനായി കുടിവെള്ളം, ജലസേചനം, ഭൂഗർഭജലം എന്നീ വകുപ്പുകൾക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട് എന്ന് വിശദമാക്കാമോ? | (ഡി) | 2017-18 സാമ്പത്തിക വർഷത്തിൽ കുടിവെള്ളം, ജലസേചനം, ഭൂഗർഭജലം എന്നീ വകുപ്പുകൾക്കായി മാറ്റി വച്ചിട്ടുള്ള തുക സംബന്ധിച്ച് നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമല്ല. എന്നാൽ, ഓരോ മണ്ഡലത്തിലും ഏറ്റെടുക്കുന്ന പ്രവൃത്തികൾക്കനുസരിച്ച് ലഭ്യമായ തുക വിനിയോഗിക്കുകയാണ് ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**